ഇതുകൂടാതെ തദ്ദേശ സ്വയംഭരണ (പൊതുമരാമത്ത്), തദ്ദേശ സ്വയംഭരണ (ജല വിഭവം) വകുപ്പുകളിലായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്.

ക്രമ നമ്പർ	തസ്തിക		തദ്ദേശ സ്വയംഭരണ (പൊതുമരാമത്ത്) വകുപ്പ് ഉദ്യോഗസ്ഥരുടെ എണ്ണം	തദ്ദേശ സ്വയംഭരണ (ജലവിഭവ) വകുപ്പ് ഉദ്യോഗസ്ഥരുടെ എണ്ണം
സാങ്കേതിക വിഭാഗം				
1.	ചീഫ് എൻജിനീയർ	..	1	..
2.	സൂപ്രണ്ടിംഗ് എൻജിനീയർ	..	3	..
3.	എക്സിക്യൂട്ടീവ് എൻജിനീയർ	..	9	10
4.	അസിസ്റ്റന്റ് എക്സി. എൻജിനീയർ	..	101	85
5.	അസിസ്റ്റന്റ് എൻജിനീയർ	..	196	184
6.	ഓവർസിയർ	..	579	967
	ആകെ		889	1246
മിനിസ്റ്റീരിയൽ വിഭാഗം				
1.	അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്	..	1	..
2.	ജൂനിയർ സൂപ്രണ്ട്	..	18	..
3.	ക്ലാർക്ക്	..	341	..
4.	ടൈപ്പിസ്റ്റ്	..	106	..
5.	പ്യൂൺ	..	116	..
6.	പാർട്ട് ടൈം സ്വീപ്പർ	..	4	..
	ആകെ		582	..

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നവീകരണ പരിപാടിക്ക് ബജറ്റിൽ വകയിരുത്തിയ തുക

72 [790] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നിർവ്വഹണം നടത്തുവാൻ നിർദ്ദേശിക്കപ്പെട്ട നവീകരണ പരിപാടികൾ ഓരോന്നിനും ചെലവഴിക്കാനായി 2003-04-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക മൊത്തം എത്ര കോടിയായിരുന്നു;

(ബി) ഈ തുകയിൽനിന്ന് ഇതിനകം ഏതെല്ലാം കാര്യങ്ങൾക്ക് എത്ര തുകവീതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആസ്തി പുനരുദ്ധാരണത്തിന് ലോക്കൽ ബോഡികൾക്ക് നൽകിയ തുക എത്ര; ആക്ഷൻ പ്ലാൻ നടപ്പാക്കാൻ നൽകിയ തുക എത്ര; അഗതികളുടെ പരിരക്ഷയ്ക്കും, സാമൂഹ്യ സുരക്ഷിതത്വത്തിനും നൽകിയ തുക എത്ര; കുടിവെള്ള പദ്ധതി പുനരുദ്ധരിക്കാൻ നൽകിയ തുക എത്ര;

(ഡി) ബജറ്റിൽ പറഞ്ഞതുക ഇതിനകം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

1.	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ബന്ധപ്പെട്ട സാമൂഹിക സംഘടനകളേയും ധനകാര്യ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിന്	..	4 കോടി രൂപ
2.	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആക്ഷൻ പ്ലാൻ നടപ്പാക്കൽ	..	73 കോടി രൂപ
3.	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജല പദ്ധതികളുടെ പ്രോത്സാഹനം	..	25 കോടി രൂപ
4.	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന്	..	2,28,00,000
5.	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൗരവകാശരേഖ ആവിഷ്ക്കരിക്കുന്നതിന്	..	1,30,00,000
6.	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനം മെച്ചപ്പെടുത്തുന്നതിന്	..	5 കോടി രൂപ
7.	അറവ് ശാലകളുടെ നവീകരണ പരിപാടികൾക്ക്	..	1 കോടി രൂപ
	ആകെ		111.58 കോടി രൂപ

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലേയും ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന പുതിയ അക്കൗണ്ടിംഗ് സംവിധാനം സംബന്ധിച്ച് പരിശീലനം നൽകുന്നതിനായി 25 ലക്ഷം രൂപ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

(സി) തുകയൊന്നും നൽകിയിട്ടില്ല.

(ഡി) ഈ വർഷത്തെ ബഡ്ജറ്റ് അവതരണത്തിനു മുന്നോടിയായി ബഹു. ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ 2003-04 വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള തുക് ഗഡുക്കളായി നൽകുമെന്ന് പ്രസ്താവിക്കുകയും അതനുസരിച്ച് ഈ വർഷത്തെ തുക (1317 കോടി) 12 പ്രതിമാസ ഗഡുക്കളായി നൽകാൻ 9-7-2003-ലെ ജി.ഒ. (പി) 381/ഫിൻ പ്രകാരം തീരുമാനിച്ചുത്തരവ് പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഡിസംബർ മാസം വരെയുള്ള 10 ഗഡുക്കൾ നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly